# നീര ഉല്പാദനത്തിന് നാളികേര സൊസൈറ്റികളെ അനുവദിക്കാൻ കമ്മിറ്റി റിപ്പോർട്ട്

പ്രത്യേക ലേഖകൻ

**തിരുവനന്തപുരം:** നാളികേര ഉല്പന്ന സൊസൈറ്റികളെയും അവയുടെ ഫെഡറേഷനുകളെയും പ്രൊഡ്യൂസർ കമ്പനികളെയും നീര ഉല്പാദനവും അതിൽ നിന്നുള്ള മൂല്യവർധിത ഉല്പന്നങ്ങളുടെ സംസ്കരണവും വിതരണവും നടത്താൻ എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള കമ്മിറ്റി ശുപാർശ ചെയ്തു.

ശുപാർശ അടങ്ങിയ റിപ്പോർട്ട് എക്സൈസ് വകുപ്പുമന്ത്രി കെ. ബാബുവിന് എക്സൈസ് കമ്മീഷണർ അനിൽ സേവ്യർ കൈമാറി.

റിപ്പോർട്ടിൻെറ ചില ശുപാർശകളോട് മൂന്നുതൊഴിലാളി വിഭാഗങ്ങളുടെ നേതാക്കളായ എൻ.അഴകേശൻ, കെ.എം.സുധാകരൻ, ടി.എൻ.രമേശൻ, എം.കെ.ഉണ്ണിക്കൃഷ്ണൻ എന്നിവർ വിയോജനക്കുറിപ്പുകൾ രേഖപ്പെടുത്തിയിട്ടുണ്ട്.

തെങ്ങിൻ പൂക്കുലയിൽ നിന്ന് ചെത്തിയെടുക്കുന്ന ഈ ദ്രാവകം തികച്ചും ലഹരിമുക്തമാണ്. എന്നാൽ പുളിച്ചാൽ ഇത് കള്ളായിത്തീരും.

നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്ത നാളികേര സൊസൈറ്റികൾക്ക് വ്യക്തമായ പ്രോജക്ട്റിപ്പോർട്ട്ലഭ്യമാക്കി നിലവിലുള്ള അബ്കാരി ആക്ടിൽ ഭേദഗതിവരുത്തി നീരയുടെ ഉല്പാദനത്തിന് അനുമതി നൽകാമെന്നാണ് കമ്മിറ്റിയുടെ ശുപാർശ. കള്ള് ചെത്തു തൊഴിലാളികളെ നിര ചെത്താൻ ഉപയോഗിക്കേണ്ടതാണ്. നീരയുടെ ഉല്പാദനവും കള്ള് ചെത്ത് വ്യവസായത്തെ ഏല്പിക്കാവുന്നതാണ്. കള്ള് ചെത്ത് വ്യവസായത്തിനും ആധുനികവത്കരണത്തിനും നിര, അതിൽനിന്ന് മൂല്യവർധിത ഉത്പന്നങ്ങളുടെ ഉല്പാദനത്തിനായി കള്ള്- നീര വികസനബോർഡ് സംസ്ഥാന തലത്തിൽ നവീകരിക്കണമെന്നും കമ്മിറ്റിയുടെ ശുപാർശയുണ്ട്. ഈ ബോർഡിൻെറ പ്രാരംഭ ചെലവുകൾക്കായി വിദേശ മദ്യത്തിന് ലിറ്ററിന് ഒരു രൂപ നിരക്കിൽ സെസ് ഏർപ്പെടുത്താവുന്നതാണ്.

## നീരയ്ക്ക് പച്ചക്കൊടി

നീരയുടെ മൂല്യവർധിത ഉത്പന്നങ്ങളായ തെങ്ങിൻ ശർക്കര, തെങ്ങിൻ പഞ്ചസാര, സിനഡ് എന്നിവയുടെ ഉല്പാദന-വിതരണം സൊസൈറ്റി ഫെഡറേഷൻ തലത്തിലോ പ്രൊഡ്യൂസർ കമ്പനിതലത്തിലോ ചെയ്യാമെന്നും കമ്മിറ്റി ശുപാർശ ചെയ്യുന്നു. എന്നാൽ നാല്പതിനായിരത്തോളം വരുന്ന കള്ള് ചെത്ത് തൊഴിലാളികളുടെ താല്പര്യം ഹനിക്കുന്ന രീതിയിൽ നീര ഉല്പാദിപ്പിക്കുന്നതിനെ തങ്ങൾ വിയോജിക്കുന്നുവെന്ന് റ്റോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് ചെയർമാൻ അഴകേശൻ, കള്ള് ചെത്ത് വ്യവസായ തൊഴിലാളി ഫെഡറേഷൻ പ്രസിഡൻറ് കെ.എം.സുധാകരൻ, കേരള സ്റ്റേറ്റ് ചെത്ത് തൊഴിലാളി ഫെഡറേഷനിലെ ടി.എൻ. രമേശൻ, അബ്കാരി മസ്ദൂർ സംഘിലെ എം.കെ. ഉണ്ണികൃഷ്ണൻ എന്നിവർ വിയോജനക്കുറിപ്പും റിപ്പോർട്ടിനൊപ്പം നൽകിയിട്ടുണ്ട്.

നിലവിലെ കള്ള്ഷാപ്പുകളുടെ ഭാഗമായി നീര സംഭരണ യൂണിറ്റുകൾ അനുവദിക്കണമെന്ന് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.

എക്സൈസ് കമ്മീഷണർ അനിൽസേവ്യർ ചെയർമാനായ 10 അംഗ കമ്മിറ്റിയിൽ ജോയിൻറ് കമ്മീഷണർ കെ.ശ്രീകുമാരൻ ചെട്ടിയാർ, വി.കെ.രാജു, കാർഷിക സർവകലാശാല, കെ. മുരളീധരൻ, ഡയറക്ടർ ഓഫ് റിസർച്ച്, കാർഷിക സർവകലാശാല, ഡോ. മുരളീധരൻ, ഡയറക്ടർ നാളികേര വികസനബോർഡ്, ബാബുജോസഫ് കോട്ടയം, കർഷക പ്രതിനിധി, ആർ. അജിത്കുമാർ, കൃഷി വകുപ്പു ഡയറക്ടർ എന്നിവർ അംഗങ്ങളായിരുന്നു.

നിര സംസ്കരണത്തിനാവശ്യമായ നിയമഭേദഗതിയെക്കുറിച്ച് ആലോചിച്ച് ഭേദഗതികൾ വരുത്തുമെന്ന് റിപ്പോർട്ട് ഏറ്റുവാങ്ങിയ എക്സൈസ് മന്ത്രി കെ.ബാബു അറിയിച്ചു.